**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 48** | **07-06-2021 - ൽ മറുപടിയ്ക്ക്**

**പ്രവാസി ഡിവിഡന്റ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ പി . | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പ്രവാസി ഡിവിഡന്റ് പദ്ധതി എന്നാണ് സംസ്ഥാനത്ത് ആരംഭിച്ചതെന്നും പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയെന്നും വിശദമാക്കാമോ; | (എ) | പ്രവാസി കേരളീയരുടെ ക്ഷേമ പരിപാടികൾ വിപുലപ്പെടുത്തുന്നതിനും പ്രവാസി നിക്ഷേപങ്ങൾ ഫലപ്രദമായി ജന്മനാടിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനും ആയി കേരള സർക്കാർ ആവിഷ്കരിച്ച ദീർഘകാല നിക്ഷേപ പദ്ധതിയാണ് പ്രവാസി ഡിവിഡന്റ് പദ്ധതി. 2019 ഡിസംബർ മാസം മുതൽ ഇത് നടപ്പിലാക്കിയിട്ടുണ്ട്. 3 ലക്ഷംരൂപ മുതൽ 51 ലക്ഷംരൂപ വരെ നിക്ഷേപിക്കാവുന്ന ഈ പദ്ധതിയിൽ നിക്ഷേപകർക്ക് നിക്ഷേപ തീയതി മുതൽ 3 വർഷം പൂർത്തിയാകുന്ന മുറയ്ക്ക് 10% വാർഷിക നിരക്കിലുള്ള ഡിവിഡന്റ് പ്രതിമാസമായും ലഭ്യമാക്കുന്നു. ആദ്യ മൂന്നു വർഷങ്ങളിലെ ഡിവിഡന്റ് നിക്ഷേപ തുകയോടൊപ്പം കൂട്ടി ചേർത്ത തുകക്കാണ് ഇപ്രകാരം ഡിവിഡന്റ് നൽകുന്നത്. നിക്ഷേപകരുടെ കാലശേഷം ജീവിത പങ്കാളിക്ക് ഡിവിഡന്റ് ലഭ്യമാകുകയും, അതിനുശേഷം നോമിനിക്ക് ആദ്യ മൂന്നു വർഷത്തെ ഡിവിഡന്റ് സഹിതം നിക്ഷേപത്തുക തിരികെ നൽകുന്നതുമാണ്. ഈ പദ്ധതി പ്രവാസികൾക്ക് സാമ്പത്തിക സുരക്ഷയോടൊപ്പം സാമൂഹ്യപരിരക്ഷയും ഉറപ്പാക്കുന്നു. |
| (ബി) | ഈ പദ്ധതിയിൽ എത്ര പ്രവാസികൾ അംഗങ്ങളായി ചേർന്നിട്ടുണ്ടെന്നും ഈ പദ്ധതിയിൽ അംഗത്വം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ? | (ബി) | പ്രവാസി ഡിവിഡന്റ് പദ്ധതിയിൽ 30/05/2021 വരെ 1160 പ്രവാസി കേരളീയർ അംഗങ്ങളായി ചേർന്നിട്ടുണ്ട്. നിലവിൽ വിദേശത്തു ജോലി ചെയ്തു വരുന്നവരോ, രണ്ട് വർഷത്തിൽ കുറയാത്ത കാലയളവിൽ വിദേശത്തു ജോലിചെയ്ത ശേഷം മടങ്ങി വന്ന് കേരളത്തിൽ സ്ഥിര താമസമാക്കിയവരോ, കേരളത്തിന് പുറത്ത് ഇന്ത്യയ്ക്കകത്ത് ആറുമാസത്തിലധികമായി ജോലി സംബന്ധമായി താമസിച്ചു വരുന്നവരോ ആയ കേരളീയർക്ക് www.pravasikerala.org എന്ന വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് പദ്ധതി |

| | | | |
|---|---|---|---|
| | | | വിജ്ഞാപനമനുസരിച്ച് പ്രവാസി ഡിവിഡന്റ് പദ്ധതിയിൽ അംഗത്വമെടുക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ